**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 488** **13-08-2021 - ൽ മറുപടിയ്ക്ക്**

**പൈപ്പുകൾ പൊട്ടുന്നത് മൂലം തകരുന്ന റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. റോജി എം. ജോൺ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ളത്തിനുവേണ്ടി ജനങ്ങൾ ബുദ്ധിമുട്ടുമ്പോൾ കുടിവെള്ള പൈപ്പ് പൊട്ടി റോഡിലൂടെ വെള്ളം ഒഴുകിപ്പോകുന്ന നിരവധി സംഭവങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | പൈപ്പുകൾ പൊട്ടുന്ന സാഹചര്യത്തിൽ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; | (ബി) | റോഡ് വികസനത്തിന്റെ ഭാഗമായി നടപ്പാതകൾക്ക് മുകളിലൂടെയും മുൻകാലങ്ങളിൽ സ്ഥാപിച്ച പൈപ്പുകൾക്ക് മുകളിലൂടെയും ടാർ ചെയ്ത് വരുന്നതിനാൽ പൈപ്പ് ലൈനുകൾ റോഡിന്റെ മധ്യഭാഗത്തായിട്ടുള്ള സാഹചര്യങ്ങളിൽ ലീക്ക് റെക്ടിഫിക്കേഷൻ നടത്തുന്നതിനായി റോഡുകൾ വെട്ടിപൊളിക്കേണ്ടതായി വരുന്നുണ്ട്. അമിതഭാരം കയറ്റി വരുന്ന വാഹനങ്ങളുടെ മർദ്ദം മൂലവും, പൈപ്പ് ലൈനുകൾക്ക് സമീപമുള്ള മറ്റു വികസന പ്രവർത്തനങ്ങൾ മൂലവും പൈപ്പ് ലൈനുകൾ പൊട്ടാറുണ്ട്. അത്തരം  സാഹചര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി വാങ്ങി ആവശ്യമുള്ള ഭാഗം മാത്രം വെട്ടിപ്പൊളിച്ച് പൈപ്പ് ലൈൻ നന്നാക്കുകയും ബിറ്റുമിൻ റെഡി മിക്സ്/ കോൺക്രീറ്റ്  ഉപയോഗിച്ച് റോഡ് നന്നാക്കുകയും ചെയ്തു വരുന്നു. |
| (സി) | കുഴിച്ച റോഡുകളുടെ അറ്റകുറ്റ പണികളുടെ ചുമതല ഏത് വകുപ്പിനാണ് എന്ന് വിശദമാക്കാമോ; ഇത്തരം റോഡുകളുടെ അറ്റകുറ്റ പണികൾ യുദ്ധകാല അടിസ്ഥാനത്തിൽ തീർക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് എന്തെങ്കിലും നടപടികൾ കൈക്കൊള്ളുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | അറ്റകുറ്റ പണികളുടെ ഭാഗമായി കുഴിക്കുന്ന റോഡുകൾ അറ്റകുറ്റ പണികൾക്കു ശേഷം അതോറിറ്റി തന്നെ  മൂടി  ബിറ്റുമിൻ റെഡി മിക്സ്/ കോൺക്രീറ്റ്  ഉപയോഗിച്ച് സഞ്ചാര യോഗ്യമാക്കുന്നു.  അറ്റകുറ്റപണിക്കായി റോഡ് കുഴിക്കുന്നതിനു മുൻപ് പുനർനിർമ്മാണ ത്തിനാവശ്യമായ തുക ഒടുക്കണം എന്ന് പൊതുമരാമത്ത് വകുപ്പ് നിഷ്കർഷിക്കുന്ന അവസരങ്ങളിൽ റോഡുകളുടെ അറ്റകുറ്റപണികൾക്ക് പൊതുമരാമത്തു വകുപ്പിന്റെ എസ്റ്റിമേറ്റ് അനുസരിച്ച് |

| | | | |
|---|---|---|---|
| | | | റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് പി.ഡബ്ല്യു.ഡി യിൽ നിക്ഷേപിക്കാറുണ്ട്. പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി റോഡുകളുടെ മെയിന്റനൻസ് പൊതുമരാമത്ത് വകുപ്പ് നേരിട്ടുതന്നെ ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ